സി.എം റഫീഖ് കോക്കൂർ

# അവകാശധ്വംസനവും അവഹേളനവും

عَنْ أَبِى هُرَيْرَة رَضِيَ اللَّهُ عَنْهُ قَالَ: قَالَ رَسُولُ اللَّهِ ﷺ مَنْ كَانَتْ لَهُ مَظْلَمَةٌ لأَخِيهِ مِنْ عِرْضِهِ أَوْ مِنْ شَىْءٍ فَلْيَتَحَلَّلْهُ مِنْهُ الْيَوْمَ، قَبْلَ أَنْ لاَ يَكُونَ دِينَارٌ وَلاَ دِرْهَمٌ، إِنْ كَانَ لَهُ عَمَلٌ صَالِحٌ أُخِذَ مِنْهُ بِقَدْرِ مَظْلَمَتِهِ، وَإِنْ لَمْ تَكُنْ لَهُ حَسَنَاتٌ أُخِذَ مِنْ سَيِّئَاتِ

**അബൂഹുറൈറ(റ)യിൽനിന്ന് നിവേദനം: റസൂൽ (സ) പറഞ്ഞു: "തന്റെ സഹോദരന്റെ അവകാശത്തിൽ കൈയേറ്റം നടത്തുകയോ അവന് അഭിമാനക്ഷതം വരുത്തുകയോ ചെയ്താൽ ദിർഹമോ ദീനാറോ ഒരു പ്രയോജനവും ചെയ്യാത്ത നാൾ എത്തും മുമ്പേ അവനുമായി അത് പറഞ്ഞുതീർക്കണം. ഇല്ലെങ്കിൽ അയാൾക്ക് താൻ നടത്തിയ കൈയേറ്റത്തിനു പകരമായി തന്റെ സൽക്കർമങ്ങൾ നഷ്ടപ്പെടുത്തേണ്ടിവരും. ഒരു സൽക്കർമവും ചെയ്തവനല്ലെങ്കിൽ താൻ ഉപദ്രവിച്ചവന്റെ ദുഷ്ചെയ്തികൾ കൂടി അയാളിൽ ചുമത്തപ്പെടും" (ബുഖാരി 2296).**

വ്യക്തിക്കോ സമൂഹത്തിനോ നേരെയുള്ള സകല പീഡനങ്ങളെയും ഇസ്‌ലാം കടുത്ത ഭാഷയിലാണ് എതിർത്തിട്ടുള്ളത്. പീഡിപ്പിക്കുന്നവർക്കെതിരെ പീഡിതരുടെ പക്ഷത്തുനിൽക്കാനാണത് ആവശ്യപ്പെടുന്നത്. പീഡനം പലവിധത്തിലാകാം. അത് മാനസികമോ ശാരീരികമോ ആവാം. അവകാശം കവർന്നെടുക്കലാകാം. അഭിമാനത്തിന് ക്ഷതം വരുത്തലാകാം. ഏതു തരത്തിലുള്ള പീഡനമായിരുന്നാലും ഗുരുതരമായ തെറ്റും കുറ്റവുമായിട്ടാണ് ഇസ്‌ലാം അതിനെ കണ്ടിട്ടുള്ളത്.

സമ്പത്തോ സന്താനങ്ങളോ മറ്റു ഭൗതിക വിഭവങ്ങളോ ഒന്നും യാതൊരു പ്രയോജനവും ചെയ്യാത്ത ഒരു ദിനം വരാനുണ്ട്. പരലോകത്തെ വിചാരണദിനമാണത്. ആ ദിനം വന്നെത്തും മുമ്പ് പീഡിതന്റെ അവകാശങ്ങൾ വകവെച്ചുകൊടുത്തും പൊരുത്തപ്പെടുവിച്ചും പരസ്പരം ബന്ധം നന്നാക്കിയില്ലെങ്കിൽ ഇഹലോകത്തു ചെയ്ത സകല സൽക്കർമങ്ങളും വ്യഥാവിലായിത്തീരുമെന്നും ഇനി സൽക്കർമങ്ങളൊന്നും ചെയ്യാത്തവനാണെങ്കിൽ പീഡിതന്റെ ദുഷ്പ്രവൃത്തികൾക്കുള്ള ശിക്ഷ കൂടി ഏറ്റുവാങ്ങേണ്ടിവരുമെന്നുമുള്ള താക്കീതാണ് നബി (സ) ഇവിടെ നൽകുന്നത്.

'പാപ്പരായവർ' എന്ന് ഇവരെ പ്രവാചകൻ മറ്റൊരു സന്ദർഭത്തിൽ വിശേഷിപ്പിച്ചിട്ടുണ്ട്. പരലോകത്ത് താൻ അനുഷ്ഠിച്ച ആരാധനകളുടെ വലിയ ഭാണ്ഡങ്ങളുമായി വിചാരണ നേരിടാനെത്തുന്ന മനുഷ്യൻ മറ്റുള്ളവരുമായുള്ള ബന്ധങ്ങളിലും ഇടപാടുകളിലും സംഭവിച്ച തെറ്റുകളും കുറ്റങ്ങളും കാരണമായി നരകത്തിലെറിയപ്പെടുന്ന ദുരന്തചിത്രമാണ് പ്രവാചകൻ വരച്ചുകാണിക്കുന്നത്. സാമൂഹിക തിന്മകളെക്കുറിച്ച അതിശക്തമായ മുന്നറിയിപ്പു കൂടിയാണിത്.

സമൂഹത്തിൽ സ്നേഹവും മൈത്രിയും നിലനിൽക്കണമെന്നും വളരണമെന്നുമാണ് ഇസ്‌ലാം ആഗ്രഹിക്കുന്നത്. മനുഷ്യർ പല പ്രകൃതക്കാരാണ്. എല്ലാവർക്കും എല്ലാ കാര്യങ്ങളിലും യോജിപ്പോ ഏകാഭിപ്രായമോ ഉണ്ടാവണമെന്നില്ല. പല കാര്യങ്ങളിലും കടുത്ത വിയോജിപ്പുകളുമുണ്ടാകാം. എന്നാൽ അതൊന്നും പരസ്പരം പിണങ്ങാനോ ഏറ്റുമുട്ടാനോ കാരണമായിക്കൂടാത്തതാണ്.

നബി (സ) പറയുന്നു: ''ബന്ധം മുറിച്ചുകളയരുത്. അന്യോന്യം പക പുലർത്തരുത്. മറ്റുള്ളവരോട് അസൂയപ്പെടരുത്. പരസ്പരം സഹോദരങ്ങളായിരിക്കുക. ഒരു സഹോദരനുമായി ബന്ധം മുറിച്ചുകളഞ്ഞ് മൂന്നു ദിവസത്തിൽ കൂടുതൽ കഴിഞ്ഞുകൂടുന്നത് അനുവദനീയമല്ല'' (ബുഖാരി).

മനസ്സിലുടലെടുത്ത അമർഷം നിയന്ത്രിക്കാനും സമചിത്തത വീണ്ടെടുക്കാനുമാണ് മൂന്നു ദിവസത്തെ സാവകാശം നൽകിയിരിക്കുന്നത്. പരമാവധി അനുവദിക്കപ്പെട്ട സമയമാണത്. അതിനുശേഷം ഇണങ്ങിച്ചേരാനും സ്നേഹ-സൗഹൃദങ്ങൾ പുനഃസ്ഥാപിക്കാനും കഴിയണം.

പീഡിപ്പിക്കപ്പെട്ടവനോ  അഭിമാനക്ഷതമേറ്റവനോ അവകാശം കവർന്നെടുക്കപ്പെട്ടവനോ അവകാശങ്ങൾ വകവെച്ചുകൊടുത്തുകൊണ്ട് അല്ലാഹുവിനോട് മാപ്പിരന്നാൽ അതിക്രമത്തിനിരയായവൻ വിട്ടുവീഴ്ച ചെയ്യാനും ക്ഷമിക്കാനും സ്നേഹബന്ധം പുനഃസ്ഥാപിക്കാനും സന്നദ്ധമാകണമെന്നു കൂടി ഈ ഹദീസ് പഠിപ്പിക്കുന്നുണ്ട്.

നബി (സ) പറയുന്നു: ''സഹോദരൻ മാപ്പപേക്ഷിച്ചിട്ടും മാപ്പു നൽകാൻ കൂട്ടാക്കുന്നില്ലെങ്കിൽ അവന്റെ മേൽ പാപമുണ്ടാകും'' (ഇബ്നുമാജ). ''ഒരാൾ മാപ്പിരന്നാലും അവന് പൊറുത്തുകൊടുക്കാൻ കൂട്ടാക്കാത്തവൻ ഐശ്വര്യസമൃദ്ധിയുടെ സരസിനടുത്തേക്ക് (ഹൗളുൽ കൗസറിനടുത്തേക്ക്) ആനയിക്കപ്പെടുകയില്ല'' (ത്വബ്റാനി).

സമാധാനത്തിന്റെ മതമാണ് ഇസ്‌ലാം. പകയും വിദ്വേഷവും മനസ്സിൽ കൊണ്ടുനടക്കുന്നവർക്കൊരിക്കലും സമാധാനത്തിന്റെ മാധുര്യം നുകരാനാവില്ല. അതിനാൽ എന്തു വിലകൊടുത്തും പകയൊഴിഞ്ഞ മനസ്സുകളെ സൃഷ്ടിക്കാനാണ് ഇസ്‌ലാം താൽപര്യപ്പെടുന്നത്.

ആരെയും ഒരുവിധേനയും വേദനിപ്പിക്കാതിരിക്കുക. ആർക്കും ഒരുപകാരവും ചെയ്യാൻ കഴിഞ്ഞില്ലെങ്കിലും അവരെ ഉപദ്രവിക്കാതിരിക്കാമല്ലോ. അവർക്ക് ഗുണം വരട്ടെ എന്നാഗ്രഹിക്കുകയും പ്രാർഥിക്കുകയും ചെയ്യാമല്ലോ. ഇതിന് ആർക്കാണ് സാധിക്കാത്തത്. ആ മനോഭാവം പുലർത്താൻ സാധിക്കുന്നില്ലെങ്കിൽ അവന്റെ അവസ്ഥ വളരെ പരിതാപകരമാണ്.

ചുരുക്കമിതാണ്: പരസ്പരം ദോഷങ്ങൾ പെരുപ്പിച്ചു കാട്ടാതിരിക്കുക, മറക്കുകയും പൊറുക്കുകയും ചെയ്യുക. മറ്റൊരാളുടെ ദോഷം മറച്ചുവെച്ചാൽ അതാണുത്തമം. ദോഷത്തിന്റെ പേരിൽ സഹോദരനെ ആക്ഷേപിക്കുന്നതിൽ ആനന്ദം കണ്ടെത്തുന്നത് അങ്ങേയറ്റം നിന്ദ്യമാണ്. ●